ഒന്നാംഘട്ടം: സാങ്കേതികവും നിയമപരവുമായി തടസ്സങ്ങളില്ലാത്ത വിതരണ യോഗ്യമായ റവന്യു ഭൂമിയുടെ വിതരണം.

രണ്ടാംഘട്ടം: വിവിധ വകുപ്പുകളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കീഴിൽ ലഭ്യമാകുന്ന ഭൂമിയുടെ വിതരണം.

മൂന്നാംഘട്ടം: കേന്ദ്രസർക്കാർ അനുമതിയോടെ ലഭ്യമാകുന്ന ഭൂമിയുടെ വിതരണം.

നാലാംഘട്ടം: മറ്റൊരു ഭൂമിയും ലഭ്യമല്ലാതെവരുന്ന സാഹചര്യത്തിൽ ഭൂമി അക്വയർ ചെയ്ത് വിതരണം.

ടി. എസ്. പി. ഫണ്ടിന്റെ 50 ശതമാനം ത്രിതല പഞ്ചായത്തുകൾക്ക് ആദിവാസി വികസന പരിപാടികൾക്കായി കൈമാറിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് ഭവനനിർമ്മാണ പദ്ധതിക്ക് പ്രാമുഖ്യം നൽകിവരുന്നു.

വ്യാജ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ജോലിതട്ടിപ്പ് നടത്തിയ കേസുകൾ

62 [2443] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ജാതിസർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ജോലിതട്ടിപ്പ് നടത്തിയ എത്ര കേസുകൾ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതു വരെ പിടികൂടിയിട്ടുണ്ടെന്നും ഇവരിൽ എത്ര ഗസറ്റഡ് ഉദ്യോഗസ്ഥൻമാരുണ്ടെന്നും അറിയിക്കാമോ;

(ബി) ജാതി തട്ടിപ്പ് നടത്തി പിടികൂടിയവരിൽ എത്രപേർ സ്ത്രീ ജീവനക്കാരാണെന്ന് അറിയിക്കുമോ;

(സി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എസ്. സി./എസ്. ടി. വിഭാഗങ്ങൾക്ക് ഉദ്യോഗനിയമനത്തിനും പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിനും ഉള്ള സംവരണം അനർഹമായി വ്യാജ ജാതിസർട്ടിഫിക്കറ്റിലൂടെ നേടിയ എത്ര കേസുകൾ ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ; എത്ര പേർക്കെതിരെ ഇക്കാര്യത്തിൽ നടപടി ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ജാതിതട്ടിപ്പിന് കൂട്ടുനിന്നിട്ടുള്ള ബന്ധപ്പെട്ട റവന്യു ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

GPM. 2/612/2012—15

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 49 കേസുകൾ ഇതുവരെ പിടികൂടിയിട്ടുണ്ട്. ഇതിൽ 8 പേർ ഗസറ്റഡ് ഉദ്യോഗസ്ഥരാണ്.

(ബി) 16 സ്ത്രീ ജീവനക്കാർ.

(സി) പ്രൊഫഷണൽ കോഴ്സുകൾക്ക് അപേക്ഷിച്ചിരുന്ന 49 പേരുടെ പേരിൽ നടപടി സ്വീകരിക്കുകയും തുടർന്ന് അവർക്ക് സംവരണസീറ്റിലുള്ള അഡ്മിഷൻ നിഷേധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കോടതിയുടെ ഇടപെടൽമൂലം 2 എം. ബി. ബി. എസ്. വിദ്യാർത്ഥികളും ഒരു ബി. ഡി. എസ്. വിദ്യാർത്ഥിയും പഠനം തുടരുന്നുണ്ട്. വ്യാജ ജാതിസർട്ടിഫിക്കറ്റ് ഉപയോഗിച്ച് ജോലി സമ്പാദിച്ച 2 ഉദ്യോഗസ്ഥരെ ജോലിയിൽനിന്നും പിരിച്ചുവിട്ടു. ബാക്കിയുള്ള വർക്കെതിരെയുള്ള കേസുകൾ വിവിധ ഘട്ടങ്ങളിലാണ്.

(ഡി) വ്യാജ ജാതിസർട്ടിഫിക്കറ്റ് നൽകിയ റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ The Kerala Scheduled Castes and Scheduled Tribes Regulation of Issue of Community Certificates Act, 1996 (Act 11 of 1996) പ്രകാരം ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

പാരലൽ കോളേജുകളിലെ പിന്നോക്ക പട്ടികവിഭാഗ വിദ്യാർത്ഥികൾക്കുള്ള പഠനസഹായം

63 [2444] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. സി., എസ്. റ്റി., ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ റഗുലർ ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും ചേരാതെ പാരലൽ കോളേജുകളിൽ ചേരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പ്രേരകമായ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ വിദ്യാർത്ഥികൾക്ക് സർക്കാർ പഠനസഹായങ്ങൾ തടഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ഈ വിദ്യാർത്ഥികൾക്ക് പഠനസഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly